ശ്രീ. പി. രവീന്ദ്രൻ: ഞാൻ നേരത്തെ പറഞ്ഞു, ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റിന്റെ കൈവശമുള്ള രേഖകളിൽ ഒരു അപേക്ഷകന്റെ കാര്യം മാത്രമേ കാണുന്നുള്ളൂ എന്ന്.

ശ്രീ. ജോർജ്ജ് തോമസ്: ഗോപിനാഥിനു ലാറർ ആഫ് ഇൻറൻറ് കൊടുക്കണമെന്നു ഇവിടെത്തെ ഗവൺമെന്റ ശുപാർശ ചെയ്തിരുന്നതായി പറഞ്ഞു. അതിനുള്ള പ്രത്യേകമായ സാഹചര്യം എന്താണെന്നു പറയാമോ?

ശ്രീ. പി. രവീന്ദ്രൻ: അദ്ദേഹം ഗവൺമെന്റിനു നൽകിയ ഫീസ്വാബിലിറ്റി റിപ്പോർട്ട് പരിശോധിച്ചുനോക്കിയതിനുശേഷം അതു പ്രായോഗികമാണെന്നുകണ്ടു. അതുകൊണ്ട് അദ്ദേഹത്തിനു കൊടുക്കണമെന്നു പറഞ്ഞു.

## തേക്കടി വന്യമൃഗ സങ്കേതം

* 86. (324) ശ്രീ. എം. കെ. എ. ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) തേക്കടി വന്യമൃഗസങ്കേതം അഭിമുഖീകരിക്കുന്ന ഗുരുതരമായ ചില പ്രശ്നങ്ങളെ ക്കുറിച്ച് ഒരു അന്താരാഷ്ട്ര വിദഗ്ദ്ധസംഘം പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, അതിന്റെ വെളിച്ചത്തിൽ ഗവൺമെൻറ് നടപടികൾ കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ): (എ) ഉണ്ട്.

(ബി) കമ്മീഷന്റെ പ്രധാനപ്പെട്ട ശുപാർശകളിൽ ഒന്ന്, ഈ വന്യമൃഗസങ്കേതത്തിന്റെ നടത്തിപ്പും വികസനത്തിനുംവേണ്ടി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കണമെന്നായിരുന്നു. അതനുസരിച്ചു തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ 13–12–69–ൽ തേക്കടിയിൽവച്ചു ടൂറിസ്റ്റുവകുപ്പിന്റെ ചാർജുകൂടി വഹിക്കുന്ന വിദ്യാഭ്യാസ ആഭ്യന്തരവകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ ഒരു കോൺഫറൻസിൽ ചർച്ച നടത്തുകയും പ്രധാനപ്പെട്ട ചില തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്. ഈ തീരുമാനങ്ങൾ നടപ്പിലാക്കാൻ നടപടികൾ എടുത്തുവരുന്നുണ്ട്.

ശ്രീ. എം. കെ. എ. ഹമീദ്: ഈ തീരുമാനങ്ങളുടെ വിശദാംശങ്ങൾ എന്താണെന്നു ദയവുചെയ്തു പറയാമോ?

ശ്രീ. പി. രവീന്ദ്രൻ: കമ്മീഷൻ തേക്കടിയെസംബന്ധിച്ച് സമഗ്രമായി പഠിക്കുകയും വളരെയധികം ശുപാർശകൾ നൽകുകയും ചെയ്തിരുന്നു. ഈ ശുപാർശകളിൽ ഒന്ന്, മാസ്റ്റർപ്ലാൻ തയ്യാറാക്കണമെന്നുള്ളതായിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണു ചില തീരുമാനങ്ങൾ എടുത്തിട്ടുള്ളത്. നിരവധി തീരുമാനങ്ങളുണ്ട്. വളരെ പ്രധാനപ്പെട്ട ഒന്നു രണ്ടു തീരുമാനങ്ങൾമാത്രം ഞാൻ പറയാം. തിരുവനന്തപുരം–പമ്പാ റോഡ് ആയൂർ, അഞ്ചൽ, പുനലൂർ, മാന്നാർ കുഴഞ്ഞി, പ്ലാപ്പള്ളി, മൂഴിയാർ, കക്കിവഴിയിലുള്ളത് നന്നാക്കണമെന്നും അതിൽ 7 മീറ്റർവീതിയിൽ ടാർ ചെയ്യണമെന്നും തീരുമാനിച്ചിട്ടുണ്ട്. മൂഴിയാർ ഗസ്റ്റ് ഹൗസ് നന്നാക്കണമെന്നു തീരുമാനിച്ചിട്ടുണ്ട്. തേക്കടി വന്യമൃഗ സങ്കേതം ഒരു നാഷനൽ പാർക്കായി വികസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ എടുക്കണമെന്നും സമ്മേളനത്തിൽ തീരുമാനിച്ചു. കുമളി–തേക്കടി റോഡിന്റെ വീതി കൂട്ടണമെന്നും 15 ഓബ്സർവേഷൻ പോസ്റ്റ് വിവിധ സ്ഥലങ്ങളിൽ സൗകര്യപ്രദമായ സ്ഥലങ്ങളിൽ സ്ഥാപിക്കണമെന്നും

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനമെടുത്തു. അതുപോലെ അവിടെ വരുന്ന ആളുകളുടെ താമസസൗകര്യത്തിനുവേണ്ടി 50 മുറികളുള്ള ഒരു ലക്ഷ്വറി ടൈപ്പ് ഹോട്ടൽ ഉണ്ടാക്കുന്നതിനും തീരുമാനിച്ചു. 60 ഡബിൾ ബഡ്ഡും, 100 സിംഗിൾ ബഡ്ഡുമുള്ള മറെറാരുഹോട്ടലും 10 വർഷക്കാലത്തിനുള്ളിൽ ഉണ്ടാക്കണമെന്നു തീരുമാനിച്ചു. 12 കോട്ടേജുകൾ ഇടപ്പാളയത്തു പ്രത്യേകമായി നിർമ്മിക്കുന്നതിനും തീരുമാനിച്ചു. 20 ബോട്ടുകൾ 10 വർഷക്കാലംകൊണ്ട് സഞ്ചാരികളുടെ ആവശ്യത്തിനുവേണ്ടി വാങ്ങാൻ തീരുമാനിച്ചു. പിന്നീട് അവിടെയുള്ള ചെറിയ ന്യൂനതകൾ പരിഹരിക്കുന്നതിനാവശ്യമായ തീരുമാനങ്ങളും എടുത്തിട്ടുണ്ട്.

ശ്രീ. എം. കെ. എ. ഹമീദ്: വളരെ വർദ്ധിച്ച അനധികൃതമായ കയ്യേറങ്ങൾ നടക്കുന്നുണ്ടെന്നും വന്യമൃഗങ്ങളെ നായാട്ടു നടത്തുന്നുണ്ടെന്നും അതിന്റെ ഫലമായി വന്യമൃഗ സങ്കേതങ്ങൾ നശിച്ചിട്ടുണ്ടെന്നും കമ്മിറ്റി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ കയ്യേറങ്ങളും നായാട്ടും തടയാൻവേണ്ടി എന്തു നടപടി എടുക്കാൻ ഗവൺമെന്റ് ആലോചിച്ചുവരുന്നുണ്ട്?

ശ്രീ. പി. രവീന്ദ്രൻ: ഇതു കമ്മിറ്റികളുടെ ശുപാർശകളിൽ ഒന്നാണ്. അതനുസരിച്ച് അനധികൃതമായ നായാട്ടു തടയാൻ കർശനമായ നടപടികളെടുത്തിട്ടുണ്ട്. ചില പ്രത്യേകമായ ഉദ്യോഗസ്ഥൻമാരെത്തന്നെ അതിനുവേണ്ടി നിയോഗിക്കുന്നതിനും ഒരു ചെറിയ സംഘം പോലീസിനെത്തന്നെ ആവശ്യമുണ്ടെങ്കിൽ അവിടെ നിറുത്തുന്നതിനും ആഭ്യന്തരകാര്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന സമ്മേളനം തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. പി. ജി. പുരുഷോത്തമൻപിള്ള: വന്യമൃഗസംരക്ഷണത്തിൽ പരിശീലനം ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥൻമാർ ഇരിക്കെ അങ്ങനെയാതൊരു പരിശീലനവുമില്ലാത്ത ആളെയാണ് ഗെയിംവാർഡനായി നിയമിച്ചിരിക്കുന്നതെന്നു ഗവൺമെൻറിനറിയാമോ?

ശ്രീ. പി. രവീന്ദ്രൻ: പരിശീലനം ലഭിച്ച ഉദ്യോഗസ്ഥൻമാരെ വന്യമൃഗ സങ്കേതത്തിൽ നിയമിക്കണമെന്നുള്ള ബഹുമാനപ്പെട്ട മെമ്പറുടെ മുമ്പുണ്ടായിരുന്ന നിർദ്ദേശം ഗവൺമെൻറ് വളരെ കാര്യമായി പരിഗണിക്കുന്നതാണ്.

ശ്രീ. കെ. എം. മാണി: തേക്കടിയിലെ ജലാശയങ്ങളിൽ ദുർഭൂതങ്ങളെപ്പോലെ തോന്നുന്നതായ മരങ്ങൾ റിമൂവു ചെയ്യുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ പഠന റിപ്പോർട്ടിൽ കാണിച്ചിട്ടില്ല. അത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് എന്തു നടപടി നടത്താൻ ഉദ്ദേശിക്കുന്നു.

ശ്രീ. പി. രവീന്ദ്രൻ: വൃക്ഷങ്ങൾ മുറിച്ചു മാറണമെന്ന പഠന റിപ്പോർട്ടിൽ പറഞ്ഞിട്ടില്ലെന്നു പറയുന്നതും ശരിയല്ല. അതു മുറിച്ചുമാറണമെന്നും ശുപാർശ ചെയ്തിട്ടുണ്ട്. 400 മരങ്ങളാണ് അവിടെയുള്ളത്. ഒരു മരം മുറിച്ചുമാറുന്നതിന് രണ്ടായിരത്തിലധികം രൂപ ചെലവുവരും. എല്ലാ വൃക്ഷങ്ങളും മുറിച്ചു മാറുന്നതിനു പ്രായോഗികമായ ബുദ്ധിമുട്ടുണ്ട്. കൊച്ചിൻ ഹാർബർ അതോറിറ്റിയുമായി സംസാരിച്ചതിനുശേഷം വൃക്ഷങ്ങൾ മുറിച്ചുമാറുന്നതിനു നടപടികൾ എടുക്കുന്നതാണ്. മുഴുവൻ വൃക്ഷങ്ങളും നീക്കാതെതന്നെ ബോട്ടുകൾക്ക് സൗകര്യമായി പോകത്തക്കവണ്ണം ചില വൃക്ഷങ്ങൾ മാത്രം മാറുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

ശ്രീ. എം. എം. തോമസ്: തേക്കടി വന്യമൃഗ സങ്കേതത്തിൽ പമ്പാവാലി പ്രദേശത്തുനിന്നും കൃഷിക്കാരെ ഒഴിപ്പിക്കണ്ട എന്നു മണിയങ്ങാടൻ കമ്മിറ്റി

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ഒന്നുകിൽ കൃഷിക്കാരെ ഒഴിപ്പിക്കുന്നതിനോ അല്ലെങ്കിൽ സ്ഥിരംപട്ടയം കൊടുക്കുന്നതിനോ തയ്യാറാകുമോ?

ശ്രീ. പി. രവീന്ദ്രൻ: ഒഴിപ്പിക്കരുതെന്നുള്ള നിർദ്ദേശമുണ്ട്. ഒഴിപ്പിക്കണമെന്നുള്ള നിർദ്ദേശവുമുണ്ട്. ഒഴിപ്പിക്കരുതെന്നു പറഞ്ഞുകൊണ്ട് കൃഷിക്കാർ ഒരു മെമ്മോറാണ്ടം തന്നിട്ടുണ്ട്. അതു ഗവൺമെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

ശ്രീ. കെ. സി. വാമദേവൻ: തേക്കടി വന്യമൃഗ വിനോദ കേന്ദ്രത്തിന്റെ സമഗ്രമായ പുരോഗതിക്ക് ഈ കേന്ദ്രങ്ങൾ മുഴുവനും ഒരു വകുപ്പിന്റെ കീഴിൽ കൊണ്ടുവരുന്നതു പ്രയോജനകരമായിരിക്കുകയില്ലേ; ചില ഭാഗങ്ങൾ ഫോറസ്റ്റു വകുപ്പിന്റെ കീഴിലും മറ്റുചില വകുപ്പുകൾ ടൂറിസ്റ്റു വകുപ്പിന്റെ കീഴിലും ആയിരിക്കുന്ന സ്ഥിതിക്കു മാറ്റം വരുത്തി ഒരു കോമൺ ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ കൊണ്ടുവരാൻ തയ്യാറാകുമോ?

ശ്രീ. പി. രവീന്ദ്രൻ: വിവിധ ഡിപ്പാർട്ടുമെൻറുകളുടെ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനുവേണ്ടി ഡെവലപ്പുമെൻറ് അതോറിട്ടി രൂപീകരിക്കണമെന്നു നിർദ്ദേശമുണ്ട്. കോട്ടയം ഡിസ്ട്രിക്ടു കളക്ടർ ചെയർമാനും വൈൽഡ് ലൈഫ് പ്രിസർവേഷൻ ആഫീസർ കൺവീനറുമായിട്ടുള്ള ഒരു അതോറിട്ടി ഉണ്ടാക്കണമെന്നും ശുപാർശചെയ്തിട്ടുണ്ട്.

ശ്രീ. ഇ. എം. ജോർജ്: ഒരുമരം മുറിച്ചു മാറ്റുന്നതിന് 2000 രൂപ ചെലവുവരുമെന്നു ബഹുമാനപ്പെട്ട മന്ത്രിപറയുകയുണ്ടായി. ഉദ്ദേശം നാലിലൊന്ന് തുകയ്ക്ക് ഇതു ചെയ്തുതരാമെങ്കിൽ പണംലഭിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: മുറിച്ചാൽ പോരാ, പിഴുതെടുക്കേണ്ടതാണ്.

ശ്രീ. കെ. ഐ. രാജൻ: യൂക്കാലി പ്ലാന്റേഷൻ വന്നതോടുകൂടി വന്യജീവികളുടെ സൈര ജീവിതത്തിന് അപകടമാണെന്നും അതുകൊണ്ട് യൂക്കാലി പ്ലറ്റ്സ് മരങ്ങൾ നീക്കണമെന്നും അന്താരാഷ്ട്ര കമ്മിഷൻ ശുപാർശ ചെയ്തിട്ടുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: ഉണ്ട്; അങ്ങനെ ശുപാർശ ചെയ്തിട്ടുണ്ട്. അതനുസരിച്ച് മേലിൽ യൂക്കാലിപ്ലറ്റ്സ് വൃക്ഷങ്ങൾ അവിടെ നടേണ്ട എന്ന് ഗവൺമെൻറ് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. എം. കെ. എ. ഹമീദ്: ടൂറിസത്തിന്റെ ചുമതലവഹിക്കുന്നത് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി ആണെന്നാണറിവ്. ചോദ്യം അയച്ചിരുന്നതും ബഹുമാനപ്പെട്ട വിദ്യാഭ്യാസ ആഭ്യന്തരകാര്യമന്ത്രിക്കാണ്. ഉത്തരം തന്നത് വ്യവസായമന്ത്രിയും. എന്താണ് കാരണമെന്നു പറയാമോ?

ശ്രീ. പി. രവീന്ദ്രൻ: വന്യമൃഗസങ്കേതങ്ങൾ ഫോറസ്റ്റു ഡിപ്പാർട്ടുമെൻറിന്റെ കീഴിലാണ്. അതുകൊണ്ട് ഫോറസ്റ്റു ഡിപ്പാർട്ടുമെൻറിന്റെ ചാർജു വഹിക്കുന്ന മന്ത്രി ഉത്തരം പറഞ്ഞതാണ്.

ശ്രീ. പി. പി. ജോർജ്: ഈ നിർദ്ദേശങ്ങളിൽ നാഷണൽ പാർക്കായി വികസിപ്പിക്കണമെന്നുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. നമ്മുടെ നിയമസഭയിലെ പബ്ലിക്കു് അണ്ടർടേക്കിംഗ്സ് കമ്മിറ്റി നാഷണൽ പാർക്കായി വികസിപ്പിക്കണമെന്നു ശുപാർശ ചെയ്തതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രവീന്ദ്രൻ: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നാഷണൽ പാർക്കായി പ്രഖ്യാപിക്കാൻ കഴിയുമോ ഇല്ലയോ എന്നുള്ള കാര്യം ഇൻഡ്യാഗവൺമെൻറുമായി എഴുത്തുകുത്തു നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. ഇ. ജോൺജേക്കബ്: ഈ മൃഗസംരക്ഷണ കേന്ദ്രത്തിൽ എത്ര മൃഗങ്ങൾ ഉണ്ടെന്നുള്ളതിനെപ്പറ്റി വല്ല സെൻസസ്സും എടുത്തിട്ടുണ്ടോ; മൃഗങ്ങൾ കുറഞ്ഞുപോകുന്നു എന്നു കേൾവിയുള്ളത് ശരിയാണോ?

ശ്രീ. പി. രവീന്ദ്രൻ: ഇപ്പോൾ പറയാൻ നിവൃത്തിയില്ല. കുറഞ്ഞതിനെപ്പറ്റിവ്യക്തമായി അറിവില്ല. ധാരാളം കന്നുകാലികളെ മേയ്ക്കുന്നതുകൊണ്ടും ആളുകൾ ധാരാളം പ്രവേശിക്കുന്നു എന്നുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൃഗങ്ങൾ കുറഞ്ഞിട്ടുണ്ടോ എന്നുള്ളതിനെപ്പറ്റി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ഇ. ജോൺജേക്കബ്: സെൻസസ് എടുക്കാൻ ഗവൺമെൻറുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: അത് പ്രായോഗികമാണോ എന്ന് എനിക്ക് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് ഇതിനുസമീപം ഒരു വിമാനത്താവളം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുവെന്നുപത്രത്തിൽ റിപ്പോർട്ടുണ്ടായിരുന്നു. അതിനെസംബന്ധിച്ച് വിശദമായ വിവരം നൽകാൻ ദയവുണ്ടാകുമോ?

ശ്രീ. പി. രവീന്ദ്രൻ: ചെല്ലാർകോയിൽ എന്നു പറയുന്ന പ്രദേശത്ത് ഒരു എയർസ്ട്രിപ്പ് ഉണ്ടാക്കണമെന്ന് ഒരു നിർദ്ദേശമുണ്ട്. ഇൻഡ്യാഗവൺമെൻറുമായി എഴുത്തുകുത്തു നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. ഇ. പി. കൃഷ്ണൻനമ്പ്യാർ: ഹൗസിംഗ് ബോട്ട് ഉണ്ടാക്കാൻ ഏർപ്പാടുണ്ടോ; ഇല്ലെങ്കിൽ ഹൗസിംഗ് ബോട്ട് ഉണ്ടാക്കുന്നതിന് ഏർപ്പാടു ചെയ്യുമോ?

ശ്രീ. പി. രവീന്ദ്രൻ: ഇപ്പോൾ ഇത്തരം നിർദ്ദേശങ്ങൾ ഗവൺമെൻറിൻെറ പരിഗണനയിൽ ഇല്ല.

## തൊണ്ടുവില നിയന്ത്രണം

* 87 [325] ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്)
,, സി. കെ. ബാലകൃഷ്ണൻ
,, എസ്. ദാമോദരൻ
,, വി. എസ്. അച്യുതാനന്ദൻ
,, കെ. ഐ. രാജൻ
,, ഈ പി. കൃഷ്ണൻ നമ്പ്യാർ
,, പി. പി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊണ്ടുവില നിയന്ത്രിച്ചതുമൂലം കയറിൻെറ വില കുറഞ്ഞുകൊണ്ടിരിക്കുന്നു എന്നറിയുന്നതു ശരിയാണോ;



LIBRARY ARCHIVES Kerala Legislative Assembly